ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഇ2(എ2)–14492/2019/സിഇ/തസ്വഭവ

തീയതി 20/12/2019

# പരിപത്രം

വിഷയം : തസ്വഭവ – സാങ്കേതിക വിഭാഗം – കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ – വെബ് സൈറ്റിൽ വിവരങ്ങൾ ശേഖരിക്കുന്നത് – സംബന്ധിച്ച്

സൂചന :
1) 11.10.2019–ൽ ഇ–മെയിൽ മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭ്യമായ സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷന്റെ 24.05.2016–ലെ 811/82/2011/ KSCBC നമ്പർ കത്ത്
2) 18.11.2019–ലെ 67/എഫ്.എം2/2019/തസ്വഭവ നമ്പർ സർക്കാർ കത്ത്
3) ഈ കാര്യാലയത്തിലെ 21.11.2019–ലെ ഇതേ നമ്പർ സർക്കുലർ
4) പ്രൊഫോർമ ഐ.ഡി P–1061

ബഹു. ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം KSCBC website–ൽ, ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥിരം ജീവനക്കാരുടെയും വ്യക്തിഗത വിവരങ്ങൾ upload ചെയ്യാനായി സൂചന (3) സർക്കുലർ മുഖേന നിർദ്ദേശിച്ചിരുന്നു. User name, Password എന്നിവ ലഭ്യമായിട്ടുള്ള കാര്യാലയങ്ങൾ, പ്രസ്തുത കാര്യാലയത്തിലെ മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ upload ചെയ്തിട്ടുള്ളതായി കാണുന്നില്ല. ജീവനക്കാരുടെ വിവരങ്ങൾ website–ൽ upload ചെയ്യാനായി ഒരു Department User–നെ നോമിനേറ്റ് ചെയ്ത് സൂചന (4) പ്രൊഫോർമയിൽ രേഖപ്പെടുത്താത്ത കാര്യാലയങ്ങളുമുണ്ട്. KSCBC website–ൽ ജീവനക്കാരുടെ വിവരങ്ങൾ upload ചെയ്യുന്നതിന്റെ നടപടികൾ അതിവേഗം പൂർത്തിയാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, User name, Password എന്നിവ ലഭ്യമായ കാര്യാലയങ്ങളിൽ **2020 ജനുവരി 10–ന്** മുൻപായി website–ൽ വിവരങ്ങൾ ചേർക്കുന്ന നടപടി പൂർത്തിയാക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നു. User name, Password എന്നിവ ലഭ്യമായിട്ടില്ലാത്ത കാര്യാലയങ്ങൾ ആയത് ലഭ്യമാകുന്ന മുറയ്ക്ക് തന്നെ ജീവനക്കാരുടെ വിവരങ്ങൾ upload ചെയ്യേണ്ടതാണ്. ഇതുവരെ Department User–നെ നോമിനേറ്റ് ചെയ്തിട്ടില്ലാത്ത കാര്യാലയങ്ങൾ എത്രയും വേഗം ആയത് പൂർത്തിയാക്കേണ്ടതാണ്. 2020 ജനുവരി 10 വരെ മാത്രമെ website–ൽ upload ചെയ്ത വിവരങ്ങൾ edit ചെയ്യാനാവുകയുള്ളൂ. അതിന് മുൻപായി രേഖപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് അതാത് Department User–മാരാണ്. സർക്കാർ തലത്തിൽ കൈകാര്യം ചെയ്യപ്പെടുന്ന വിഷയമായതിനാൽ അടിയന്തിര പ്രാധാന്യം നൽകി സമയക്ലിപ്തത പാലിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

ചീഫ് എഞ്ചിനീയർ

P 1353